**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4457** **19-07-2022 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ചുള്ള നവീകരണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ എസ്.സി. കോളനികളിലാണ് കോർപ്പസ് ഫണ്ട് വിനിയോഗിച്ച് ഇപ്പോൾ നവീകരണ പ്രവൃത്തി നടത്തിവരുന്നത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | 1. പുളിപ്പൊയിൽ കോളനി റോഡ് നിർമ്മാണം.<br><br>2. കാളങ്ങാലി നാല് സെന്റ് കോളനി കുടിവെള്ളപദ്ധതി. |
| (ബി) | എത്ര ലക്ഷം രൂപയുടെ പ്രവൃത്തികൾക്കാണ് കോർപ്പസ് ഫണ്ടിൽ ജില്ലയിൽ നിന്ന് അനുമതി നൽകുന്നത്; കോർപ്പസ് ഫണ്ട് വിനിയോഗിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്; | (ബി) | കോർപ്പസ് ഫണ്ടിന്റെ മൂന്നിലൊന്ന് തുക ജില്ലാതലത്തിൽ വിനിയോഗിക്കേണ്ടതാണ്. ഇത്തരത്തിൽ ഒരു പദ്ധതിയ്ക്ക് പരമാവധി 25 ലക്ഷം രൂപവരെയുള്ള തുകയ്ക്കുള്ള അനുമതി ജില്ലാതലത്തിൽ നൽകേണ്ടതാണ്. കോർപ്പസ് ഫണ്ട് പ്രകാരം ഏറ്റെടുത്ത് നടത്താവുന്ന പ്രവർത്തികൾ ചുവടെ ചേർക്കുന്നു.<br><br>1. കുടിവെള്ള വിതരണം- പട്ടികജാതി വിഭാഗങ്ങൾക്ക് വ്യക്തിഗത കണക്ഷനും ജനറൽ വിഭാഗങ്ങൾക്ക് ഒന്നോ രണ്ടോ പൊതുടാപ്പും നൽകുന്ന രീതിയിൽ ഫീസിബിലിറ്റി, ഗുണഭോക്തൃ ലിസ്റ്റ്, സോഷ്യൽ മാപ്പ് എന്നിവ ലഭ്യമാക്കി പദ്ധതി നടപ്പിലാക്കണം.<br><br>2. ഗതാഗതസൗകര്യ വികസനം :- കോളനിക്കുള്ളിലെ റോഡുകൾ, സംരക്ഷണഭിത്തി, കലുങ്ക് എന്നിവമാത്രം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ഫീസിബിലിറ്റി ഉറപ്പാക്കി മാത്രം നടപ്പിലാക്കണം.<br><br>3. വൈദ്യുതി വിതരണം:- പട്ടികജാതി സങ്കേതങ്ങൾ, ഒറ്റപ്പെട്ട കുടുംബങ്ങൾ കോളനിക്കുള്ളിലെ വഴിവിളക്കുകൾ എന്നിവമാത്രം.<br><br>4. പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർഥികളുടെ സമഗ്ര പുരോഗതിയ്ക്ക് (വിദ്യാഭ്യാസം സാംസ്കാരികം / കായികം ഉടങ്ങി) ഉതകുന്ന പ്രൊജക്ടുകൾ DIET |

| | | | |
|---|---|---|---|
| | | | ന്റെ സഹായത്തോട് കൂടി തയ്യാറാക്കി ജില്ലാ സമിതി പരിശോധിച്ച് നിർവ്വഹണം നടത്താവുന്നതാണ്.<br><br>5. നിലവിൽ പട്ടികജാതി ക്ഷേമത്തിനായി വകുപ്പ് / തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ ഏതെങ്കിലും കാരണങ്ങളാൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കാതെ വരികയും, ചെയ്തിട്ടുള്ള പ്രോജക്ട് കമ്മീഷൻ ചെയ്യുന്നതിനും ടി തുക വിനിയോഗിക്കാവുന്നതാണ്.<br><br>6. വിജ്ഞാൻവാടികളുടെ ആവർത്തന ചെലവുകൾ - തുടർന്ന് വരുന്ന പദ്ധതി. |
| (സി) | നിലവിൽ ബാലുശ്ശേരി മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനായി ഏതൊക്കെ പ്രവൃത്തികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്; വിശദാംശം അറിയിക്കാമോ? | (സി) | ചുവടെ ചേർക്കുന്ന പദ്ധതികൾ പരിശോധിച്ചു വരികയാണ്.<br><br>1. ഉണ്ണികുളം പഞ്ചായത്തിലെ മൊകായി കോളനി റോഡ് ടാറിംഗ്.<br><br>2. മൊകായി കോളനിയിലെ കിണറിന് ഗ്രില്ലിടൽ പ്രവൃത്തി.<br><br>3. മൊകായി കോളനിയിലേക്കുള്ള ഫുട്പാത്ത് നിർമ്മാണം. |

സെക്ഷൻ ഓഫീസർ